**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5496** **15-03-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര - പയ്യാമ്പലം ബസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മനാടായ നെയ്യാറ്റിൻകരയിൽ നിന്നും അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവീസ് നടത്തിയിരുന്ന ബസ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | **തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിൽ പൊതുജനങ്ങളുടെ യാത്രാവശ്യം പൂർണ്ണമായും നിറവേറ്റുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിവരികയാണ്.**<br><br>**കൂടാതെ തിരുവനന്തപുരം – കോഴിക്കോട് റൂട്ടിൽ അരമണിക്കൂർ ഇടവേളകളിൽ ബൈപ്പാസ് റൈഡർ സർവ്വീസും പുതുതായി നടത്തി വരുന്നുണ്ട്.**<br><br>**വർഷങ്ങൾക്ക് മുമ്പ് നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് ഒരു സർവ്വീസ് 1997 – 2000 കാലഘട്ടത്തിൽ നടത്തിയിരുന്നുവെങ്കിലും പിന്നീട് കോഴിക്കോട് മുതൽ കണ്ണൂർ വരെ കെ.എസ്.ആർ.ടി.സി.യുടെ മറ്റ് ചെയിൻ സർവ്വീസുകൾ നടത്തി വന്നതിനാൽ വരുമാനം ഇല്ലാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത സർവ്വീസ് ആദ്യം വടകര വരെയും പിന്നീട് കോഴിക്കോട് വരെയുമായി പുനക്രമീകരിക്കുകയാണുണ്ടായത്.**<br><br>**നിലവിൽ ധാരാളം സർവ്വീസുകൾ ടി റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്നത് പ്രായോഗികമല്ലാത്തതാണ്.** |
| (ബി) | നെയ്യാറ്റിൻകര - പയ്യാമ്പലം ബസ് സർവീസ് പുനരാരംഭിക്കുന്നതിനു അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | **തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിൽ പൊതുജനങ്ങളുടെ യാത്രാവശ്യം പൂർണ്ണമായും നിറവേറ്റുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിവരികയാണ്.**<br><br>**കൂടാതെ തിരുവനന്തപുരം – കോഴിക്കോട് റൂട്ടിൽ അരമണിക്കൂർ ഇടവേളകളിൽ ബൈപ്പാസ് റൈഡർ സർവ്വീസും പുതുതായി നടത്തി വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | **വർഷങ്ങൾക്ക് മുമ്പ് നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് ഒരു സർവ്വീസ് 1997 – 2000 കാലഘട്ടത്തിൽ നടത്തിയിരുന്നുവെങ്കിലും പിന്നീട് കോഴിക്കോട് മുതൽ കണ്ണൂർ വരെ കെ.എസ്.ആർ.ടി.സി.യുടെ മറ്റ് ചെയിൻ സർവ്വീസുകൾ നടത്തി വന്നതിനാൽ വരുമാനം ഇല്ലാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത സർവ്വീസ് ആദ്യം വടകര വരെയും പിന്നീട് കോഴിക്കോട് വരെയുമായി പുനക്രമീകരിക്കുകയാണുണ്ടായത്.**<br><br>**നിലവിൽ ധാരാളം സർവ്വീസുകൾ ടി റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്നത് പ്രായോഗികമല്ലാത്തതാണ്.** |

സെക്ഷൻ ഓഫീസർ